**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത 20.11.2019 ലെ മറുപടിയ്ക്ക്.
ചോദ്യം നം. 6077

## ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് രൂപീകരിച്ച ഹാൻഡ് ഹോൾഡിംഗ് സെല്ലിന്റെ പ്രവർത്തനം വിശദമാക്കാമോ; | (എ) | പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടത്തിവരുന്ന വിവിധ പദ്ധതികളുടേയും പ്രോജക്ടുകളുടേയും പ്രയോജനം പരമാവധി ഗുണഭോക്താക്കളിൽ എത്തിച്ചേരുന്നതിന് സഹായകരമാക്കുക എന്ന ഉദ്ദേശത്തോടെയാണ് പട്ടികജാതി വികസന വകുപ്പ് ഹാൻഡ്ഹോൾഡിംഗ് സെൽ രൂപീകരിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുള്ളത്. 2018 ജനുവരിയിലാണ് ഈ സെൽ നിലവിൽ വന്നത്. ഒരു അഡ്മിനിസ്ട്രേറ്ററും ഒരു ഡേറ്റാ എൻട്രി ഓപ്പറേറ്ററുമാണ് നിലവിൽ ഇതിന്റെ ഭാഗമായി പ്രവർത്തിക്കുന്നത്. |
| (ബി) | എന്തെല്ലാം സേവനങ്ങളാണ് പ്രസ്തുത സെൽ വഴി പട്ടിക വിഭാഗങ്ങൾക്ക് ലഭ്യമാവുന്നത് എന്ന് വെളിപ്പെടുത്താമോ; | (ബി) | എസ്.സി/എസ്.ടി സംരംഭകരുടെ ഉല്പന്നങ്ങൾ ആഗോള വിപണിയിൽ വിറ്റഴിക്കുന്നതിനുവേണ്ടി ഗദ്ദിക എന്ന പേരിൽ Amazon online portal ൽ folder ആരംഭിച്ചിട്ടുണ്ട്. നൂറിലധികം ഉല്പന്നങ്ങൾ ഈ portal ൽ ഇപ്പോൾ തന്നെ ലഭ്യമാണ്. portal ലൂടെ വിറ്റഴിക്കുന്ന ഉല്പന്നങ്ങൾക്ക് മികച്ച ഗുണ നിലവാരം ഉറപ്പുവരുത്തുന്നതിനായി പട്ടികജാതി സംരംഭകർക്കായി ശില്പശാലകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ചു വരുന്നു.<br><br>പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്ത വിദ്യരായ യുവതി യുവാക്കളെ കണ്ടെത്തി അവരുടെ യോഗ്യതയ്ക്കനുയോജ്യമായ തൊഴിലുകളിൽ ക്രിയാത്മകമായ പരിശീലനം നടത്തി തൊഴിൽ നൈപുണ്യം വികസിപ്പിച്ച് അവരെ തൊഴിലിനു പ്രാപ്തരാക്കുന്നതിന് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നത് ഈ സെല്ലിന്റെ പ്രധാന ലക്ഷ്യങ്ങളിൽ ഒന്നാണ്. ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കഴിഞ്ഞ മൂന്ന് വർഷക്കാലമായി വിവിധ കോഴ്സുകളിലായി 7159 പേർക്ക് പരിശീലനം നൽകുകയും അതിൽ 2376 പേർക്ക് തൊഴിൽ ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തൊഴിൽ ലഭിച്ചവരിൽ 248 പേർ വിദേശ രാജ്യങ്ങളിലാണ് ജോലി നേടിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| | | | ഇതിനു പുറമേ വിവിധ തരത്തിലുള്ള ശില്പശാലകളും ബോധവത്കരണ പരിപാടികളും ഹാൻഡ്ഹോൾഡിംഗ് സെൽ മുഖേന നടത്തി വരുന്നു. ഈ വകുപ്പ് നടത്തിവരുന്ന വിവിധയിനം പദ്ധതികൾ, പരിപാടികൾ, ട്രെയിനിംഗ് & എംപ്ലോയ്മെന്റ് പ്രോഗ്രാം മുതലായവ ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും അവരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുമായി 30-ലധികം ബോധവത്കരണ ക്ലാസ്സുകളും സെമിനാറുകളും സംസ്ഥാനത്തുടനീളം സംഘടിപ്പിച്ചു. +2 വിദ്യാർത്ഥികൾക്കായി കരിയർ ഗൈഡൻസ് വർക്ക്ഷോപ്പുകൾ വിവിധ ജില്ലകളിൽ സംഘടിപ്പിച്ച് അവരുടെ നൂതനമായ കോഴ്സുകൾ പരിചയപ്പെടുത്തുകയും ആ കോഴ്സുകൾ വഴി എത്തിച്ചേരാൻ കഴിയുന്ന തൊഴിൽ മേഖലകളെ പരിചയപ്പെടുത്തികൊണ്ട് വിദ്യാഭ്യാസ ഉന്നമനത്തിനുള്ള ദിശാബോധം നൽകുന്നു.<br><br>ഈ വകുപ്പിന്റെ കീഴിലുള്ള പോസ്റ്റ് മെട്രിക് ആന്റ് പ്രീമെട്രിക് ഹോസ്റ്റലുകളിൽ ശുചിത്വവും വൃത്തിയും ഉറപ്പാക്കുന്നതിനായി ഹോസ്റ്റലുകളിലെ ബന്ധപ്പെട്ട കിച്ചൻ സ്റ്റാഫുകൾക്കായി വർക്ക്ഷോപ്പുകൾ സംഘടിപ്പിച്ച് അതുവഴി ഹോസ്റ്റൽ അന്തരീക്ഷം മെച്ചപ്പെടുത്തുവാൻ ശ്രദ്ധിക്കുന്നു. |
| (സി) | സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് മൊബൈൽ ആപ്പിന് രൂപം നൽകിയിട്ടുണ്ടോ; വിശദവിവരം നൽകാമോ? | (സി) | സെല്ലിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഒരു മൊബൈൽ ആപ്പിനു രൂപം നൽകി. 14/06/2018 മുതൽ മൊബൈൽ ആപ്പ് പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്.<br><br>ഹാൻഡ്ഹോൾഡിംഗ് സെൽ എന്ന പേരിൽ ഗൂഗിൾ പ്ലേ സ്റ്റോറിൽ ഈ ആപ്പ് ലഭ്യമാണ്. ഇപ്പോൾ തന്നെ 3000 ത്തോളം പേർ ഈ ആപ്പിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ